# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2653 — 27.1.2014-ൽ മറുപടിയ്ക്ക്

ഹോമിയോപ്പതി ഡ്രഗ്സ് കൺട്രോൾ വിഭാഗം

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | മറുപടി<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ഹോമിയോപ്പതി വിഭാഗത്തിന് മാത്രമായി നിലവിൽ പ്രത്യേകമായ ഡ്രഗ് കൺട്രോൾ വിംഗ് നിലവിലു ണ്ടോ; | ഇല്ല |
| ബി) നിലവിൽ സംസ്ഥാനത്ത് ഉള്ള ഹോമിയോപ്പതി ഡ്രഗ്സ് കൺട്രോൾ വിംഗ് വിഭാഗത്തിൽ മോഡേൺ മെഡിസിനിലെ വിദഗ്ദ്ധർ പ്രധാനമായി ഉൾപ്പെടുന്നതിനാൽ പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങളും, നിയമങ്ങളും മോഡേൺ മെഡിസിൻ രീതി അനുശാസിക്കുന്ന രീതിയിൽ രൂപപ്പെടുത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടു ണ്ടോ; | നിലവിൽ ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് & റൂൾസ് പ്രകാരമാണ് ഹോമിയോ മരുന്നുകളുടെ നിർമ്മാണം, സംഭരണം, വിതരണം എന്നിവ നടത്തുന്നത്. ഇക്കാര്യങ്ങൾക്കെല്ലാം ഡ്രഗ്സ് ലൈസൻസ് ആവശ്യമാണ്. ഹോമിയോ മരുന്നിന്റെ നിർമ്മാണം നടത്തുന്ന കമ്പനികൾ ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് & റൂൾസ് എം(1) പ്രകാരമുള്ള എല്ലാ കാര്യങ്ങളും പാലിച്ചിരിക്കണം. അതുപോലെ അലോപ്പതി മരുന്നുകൾക്ക് ഷെഡ്യൂൾ എം പാലിച്ചിരിക്കണം. ഹോമിയോ ആയാലും, അലോപ്പതി ആയാലും ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് & റൂൾസിലെ നിയമങ്ങൾ പാലിക്കേണ്ടതാണ്. |
| (സി) ഹോമിയോപ്പതിയിലെ വിദഗ്ദ്ധരില്ലാത്ത ഡ്രഗ്സ് കൺട്രോൾ വിംഗിന്റെ പ്രവർത്തനം മൂലം ഹോമിയോപ്പതി മരുന്നുകളുടെ ഗുണനിലവാരമടക്കമുള്ള മേഖലകളിൽ ശരിയായ തീരുമാനം എടുക്കുവാൻ സാധിക്കാത്തത് സംബന്ധിച്ച പരിമിതി പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കുമെന്നറിയിക്കുമോ ; | ഹോമിയോ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് കേരളത്തിൽ തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിച്ചു വരുന്നു. ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഹോമിയോ മരുന്നുകളുടെ സാമ്പിളുകളും ഗുണനിലവാര പരിശോധനയ്ക്ക് എടുക്കുന്നുണ്ട്. |
| (ഡി) ഹോമിയോപ്പതി വിദഗ്ദ്ധരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക ഡ്രഗ് കൺട്രോൾ വിംഗ് ആരംഭിക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | (ഡി & ഇ) ഇല്ല. ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| (ഇ) ഇല്ലെങ്കിൽ വിലയിരുത്തൽ നടത്തി ഹോമിയോ പ്പതിക്കായി ഒരു പ്രത്യേക ഡ്രഗ് കൺട്രോൾ വിംഗ് രൂപീകരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ | |

സെക്ഷൻ ഓഫീസർ